"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - ശ്രീ മഹേഷ് കുമാർ ഫയൽ ചെയ്ത WP(C)No. 42783/22 നമ്പർ കേസിലെ 27/12/2022-ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം പാലിച്ച് ഉത്തരവാകുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.86/2025/F&CS തീയതി, തിരുവനന്തപുരം, 25-03-2025

---

പരാമർശം:-

1. ബഹു. കേരള ഹൈക്കോടതിയുടെ 27.12.2022 തീയതിയിലെ WP(C) No. 42783/22 നമ്പർ കേസിലെ വിധിന്യായം.
2. 05/01/2022 തീയതിയിൽ ശ്രീ മഹേഷ്കുമാർ വി.എസ് സമർപ്പിച്ച അപേക്ഷ.
3. സപ്ലൈക്കോ അഡീഷണൽ ജനറൽ മാനേജർ (പി&എ)-യുടെ 15/02/2023-ലെ Admn.-D.10-12195/15 നമ്പർ കത്ത്.
4. 20/02/2023-ലെ സി3/16/2023-FCSD നമ്പർ സർക്കാർ കത്ത്.

**<u>ഉത്തരവ്</u>**

സപ്ലൈകോയിലെ ജീവനക്കാരനായിരുന്ന ശ്രീ മഹേഷ്കുമാർ വി.എസ്, SA II (Rtd) ഫയൽ ചെയ്ത WP(C) No.42783/22 ഹർജിയിന്മേൽ ബഹു. ഹൈക്കോടതിയുടെ പരാമർശം (1) പ്രകാരമുള്ള വിധിന്യായത്തിൽ ബഹു. ഭക്ഷ്യ വകുപ്പ് സെക്രട്ടി പരാതികക്ഷിയെ നേരിൽകേട്ട്, ടിയാൻ സമർപ്പിച്ചിട്ടുള്ള Ext P17, Ext P.20 എന്നിവ പരിഗണിച്ച് അവയിൽ തീരുമാനം കൈക്കൊള്ളണമെന്ന് ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 08.03.2023 തീയതിയിൽ പരാമർശം (4) പ്രകാരം ഹർജികക്ഷിയായ ശ്രീ മഹേഷ്കുമാറിനെ നേരിൽ കേൾക്കുകയും, ടിയാൻ സമർപ്പിച്ച അപേക്ഷ പരിശോധിക്കുകയും ചെയ്തു. പ്രസ്തുത അപേക്ഷയിൽ, വകുപ്പ്തല പരീക്ഷ വിജയിച്ചിട്ടില്ല, പ്രൊബേഷൻ പൂർത്തിയാക്കിയിട്ടില്ല എന്നീ കാരണങ്ങളാൽ SA-II തസ്തികയിലേയ്ക്ക് പ്രൊമോഷൻ അനുവദിച്ചില്ലായെന്നും, 28/05/2018-ലെ നടപടിക്രമം പ്രകാരം സീനിയോറിറ്റി ലിസ്റ്റിൽ 185-ാം സ്ഥാനമുള്ള സി.പി. വിജയന് SA-II ആയി പ്രൊമോഷൻ അനുവദിച്ചു നൽകിയെന്നും, എന്നാൽ പരാതി കക്ഷിയുടെ സീനിയോറിറ്റി നമ്പർ 177 ആണെന്നും പരാമർശിച്ചിട്ടുണ്ട്. ശ്രീ മഹേഷ്കുമാർ വി.എസ്-ന്റെ ജനനതീയതി 24/04/1963-ൽ ആണെന്നും, 24.04.2013-ന് അൻപത് വയസ്സ് പൂർത്തിയായിട്ടുണ്ടെന്നും, 50 വയസ്സ് പൂർത്തിയായിട്ടുള്ളവർക്ക് Test പാസാക്കേണ്ടതില്ലായെന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ മഹേഷ്കുമാർ വി.എസ്-നെ 2013 മുതൽ SA II തസ്തികയിലേയ്ക്ക് പരിഗണിക്കണമെന്നുമാണ് പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്. WP(C) No.4668/21 നമ്പർ കേസിലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായ പ്രകാരം 12.04.2021 ന് മുമ്പായി ശ്രീ മഹേഷ്കുമാർ വി.എസ്-ന് SA II ആയും, 20.04.2021 ന് മുൻപായി SA-I ആയും പ്രൊമോഷൻ നൽകണമെന്ന് ബഹു. ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 09.04.2021-ന്

ടിയാന് SA-II ആയി പ്രൊമോഷൻ ലഭിച്ചിട്ടുണ്ടെന്നും, എന്നാൽ SA I തസ്തികയിലേയ്ക്കുള്ള പ്രൊമോഷന്, SA II ആയി ഒരു വർഷം പ്രവൃത്തി പരിചയം വേണമെന്നതിനാൽ, SA I പ്രൊമോഷൻ നിരസിക്കുയാണുണ്ടായതെന്നും ശ്രീ മഹേഷ്കുമാർ വി.എസ് അറിയിച്ചിട്ടുണ്ട്. സീനിയോറിറ്റി ലിസ്റ്റിൽ ടിയാന് മുൻപുള്ള ശ്രീ സി. പി. വിജയന് (സിനിയോറിറ്റി 185), 25.05.2018 മുതൽ SA II ആയി പ്രൊമോഷൻ നൽയിട്ടുള്ളതിനാൽ, 2013 മുതൽ SA II ആയി ടിയാന് (സീനിയോറിറ്റി 177) പ്രൊമോഷൻ നൽകേണ്ടതാണെന്നും, പ്രസ്തുത പ്രൊമോഷൻ ലഭിച്ചിരുന്നുവെങ്കിൽ 2013 മുതൽ SA I തസ്തികയിലേയ്ക്ക് ആവശ്യമായ പ്രവൃത്തി പരിചയം ലഭിക്കുമായിരുന്നുവെന്നും, ഇത് സംബന്ധിച്ച് 06.01.2022 ന് സപ്ലൈകോ സി.എം.ഡി, ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറി, സപ്ലൈക്കോ ബോർഡ് ഡയറക്ടേഴ്സ് എന്നിവർക്ക് പരാതി നല്കിയിരുന്നുവെന്നും പരാമർശം (2) പ്രകാരം ലഭ്യമാക്കിയ അപേക്ഷയിൽ പരാമർശിച്ചിട്ടുണ്ട്.

2.. ശ്രീ മഹേഷ് കുമാർ ഫയൽ ചെയ്ത WP(C) No.42783/22 നമ്പർ കേസിലെ വിധിന്യായവുമായി ബന്ധപ്പെട്ട് പാരമർശം (3) പ്രകാരം സപ്ലൈകോ സിഎംഡി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ശ്രീ. മഹേഷ് കുമാർ 1984 ൽ സപ്ലൈകോയിൽ ഹെൽപ്പർ തസ്തികയിൽ ജോലിൽ പ്രവേശിച്ചുവെന്നും, 17.10.2000-ൽ ടിയാന് ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ പ്രൊമോഷൻ അനുവദിച്ചുവെന്നും, ടിയാൻ MoP പാസാക്കാതെ സാഹചര്യത്തിൽ 12.11.2001-ൽ പ്രൊബേഷൻ കാലയളവ് പൂർത്തിയാക്കിട്ടുണ്ടെങ്കിലും, പ്രൊബേഷൻ Declare ചെയ്തിട്ടില്ല എന്നും, 23.04.2013 ൽ ടിയാൻ അൻപതു വയസ്സ് പൂർത്തിയാക്കിയ സാഹചര്യത്തിലാണ് SA തസ്തികയിലെ പ്രൊബേഷൻ ഡിക്ലെയർ ചെയ്തിട്ടുള്ളതെന്നും, പരാമർശം (3) പ്രകാരം സി.എം.ഡി. റിപ്പോർട്ട് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സപ്ലൈകോയുടെ 382-ാം ബോർഡ് മീറ്റിംഗിലെ തീരുമാനപ്രകാരം 20,000/- രൂപയ്ക്ക് മുകളിൽ ബാധ്യതയുള്ള ജീവനക്കാരെ പ്രൊമോഷൻ / ബൈ ട്രാൻസ്ഫർ തസ്തികകളിലേയ്ക്ക് പരിഗണിക്കേണ്ടതില്ലായെന്ന് തീരുമാനിച്ചിരുന്നതായും, ആയതിന്റെ അടിസ്ഥാനത്തിൽ 35,466/- രൂപ ബാധ്യതയുള്ള ടിയാനെ പ്രൊമോഷന് പരിഗണിച്ചില്ലായെന്നും, ആയതിനാലാണ് സീനിയോറിറ്റി ലിസ്റ്റിൽ ടിയാന്റെ ജൂനിയേഴ്സിനെ പ്രൊമോഷന് പരിഗണിച്ചിട്ടുള്ളതെന്നും, തുടർന്ന് 14.5.2018 ലെ 425-ാം ബോർഡ് മീറ്റിംഗിലെ തീരുമാന പ്രകാരം പ്രൊമോഷനുള്ള കുറഞ്ഞ ബാധ്യത 40,000/- രൂപയായി നിജപ്പെടുത്തിയിട്ടുള്ളതായും സി.എം.ഡി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിനെതിരെ ടിയാൻ ഫയൽ ചെയ്ത WP(C) No. 4668/21 നമ്പർ കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 09.04.2021 ൽ ടിയാന് SA II ആയി പ്രൊമോഷൻ നൽകിയിട്ടുണ്ടെന്നും, എന്നാൽ 02.11.2019-ലെ സ.ഉ. (സാധാ) നം. 455/2019/ഭ.പൊ.വി.വ. പ്രകാരം, SA I തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിന് പ്രൊബേഷൻ കാലയളവ് ബാധകമല്ലായെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ പ്രൊമോഷൻ അനുവദിക്കാൻ കോടതി നിർദ്ദേശിച്ചിരുന്നതായും, എന്നാൽ 25.09.2018 ലെ സ.ഉ. (സാധാ) 490/2018/ഭ.പൊ.വി.വ. പ്രകാരം, SA I തസ്തികയിലേയ്ക്ക് പ്രൊമോഷൻ അനുവദിക്കണമെങ്കിൽ SA II തസ്തികയിൽ ഒരു വർഷത്തെ പ്രവൃത്തി പരിചയം നിഷ്കർഷിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് ടിയാന് SA I തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ നിരസിച്ചതെന്ന് സി.എം.ഡി. അറിയിച്ചിട്ടുണ്ട്. ടിയാൻ 23.04.2013-ൽ അൻപതു വയസ്സ് പൂർത്തിയാക്കിട്ടുള്ളതിനാൽ മുൻകാല പ്രാബല്യത്തോടെ SA II, SA I പ്രൊമോഷനും ആനുകൂല്യങ്ങളും അനുവദിക്കണമെന്നുള്ള ആവശ്യം പരിഗണിക്കുവാൻ നിർവാഹമില്ലായെന്നും, പ്രസ്തുത കാലയളവിൽ SA II തസ്തികയിലെ Sanctioned Strength 19 ആണെന്നും, അൻപതു വയസ്സ് പൂർത്തിയാക്കിയിട്ടുള്ളവർക്ക് Conditional promotion അനുവദിക്കുന്നതിന്

സപ്ലൈകോയിൽ നിയമങ്ങൾ ഇല്ലായെന്നും സി.എം.ഡി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ സർവീസിന്റെ കാര്യത്തിൽ, കെ.എസ്&എസ്.എസ്.ആർ, ഭാഗം-2, ചട്ടം 28(a)(ii)-യുടെ പ്രൊവിസോ പ്രകാരം,പ്രൊബേഷൻ നിഷ്കർഷിച്ചിട്ടില്ലാത്ത തസ്തികയിൽ തുടർച്ചയായ രണ്ട് വർഷത്തിനുള്ളിൽ ഒരു വർഷ ഡ്യൂട്ടി തൃപ്തികരമായി പൂർത്തിയാക്കിയതിന് ശേഷം മാത്രമേ പ്രൊമോഷന് അർഹതയുണ്ടാകുകയുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

4. മുൻകാല പ്രാബല്യത്തോടെ സ്ഥാനക്കയറ്റം അനുവദിക്കുന്നത് സംബന്ധിച്ച് കേരള സർവീസ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്നില്ല. കേരള സർവീസ് ചട്ടങ്ങൾ ഭാഗം I, ചട്ടം 23സി പ്രകാരം നോഷണൽ പ്രൊമോഷന് ശമ്പളത്തിന്റെയും, അലവൻസിന്റെയും കുടിശ്ശികയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സപ്ലൈകോ ജീവനക്കാരുടെ ശമ്പള നിർണയത്തിന് കേരള സർവീസ് ചട്ടങ്ങളിലെ വ്യവസ്ഥകൾ ബാധകമായിട്ടുള്ള സാഹചര്യത്തിൽ, ശ്രീ മഹേഷ് കുമാറിന് മുൻകാല പ്രാബല്യത്തോടെ സീനിയർ അസിസ്റ്റന്റ് ഗ്രേഡ് II, സീനിയർ അസിസ്റ്റന്റ് ഗ്രേഡ് I തസ്തികകളിലേക്ക് നോഷണൽ പ്രൊമോഷൻ അനുവദിക്കുന്ന പക്ഷം, ശമ്പളത്തിന്റെയും, അലവൻസുകളുടെയും കുടിശ്ശികയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല. നോഷണൽ പ്രൊമോഷന്റെ അടിസ്ഥാനത്തിൽ ടിയാന്റെ ശമ്പളം നോഷണലായി പുനഃനിർണയിക്കുന്നതിനും, ആയതിന്റെ അടിസ്ഥാനത്തിൽ പെൻഷണറി ആനുകൂല്യങ്ങൾ പുനഃനിശ്ചയിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുവാൻ സിഎംഡിയ്ക്ക് നിർദ്ദേശം നൽകി ഇതിനാൽ ഉത്തരവാകുന്നു.

5. ശ്രീ മഹേഷ് കുമാർ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No. 42783/22 നമ്പർ കേസിലെ 27/12/2022-തീയതിയിലെ വിധിന്യായം ഇപ്രകാരം പാലിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കുമാർ ഐ എ എസ്
സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ കേരള, എറണാകുളം (with C/L)
മഹേഷ് കുമാർ
നന്ദനം ,തിരുമല P O
തിരുവനന്തപുരം
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം.
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (Advice-B) വകുപ്പ് (No. ADV-B1/193/2023-PandARD Dated: 09.08.2023)
നിയമ (ഒപ്പീനിയൻ-ഡി) വകുപ്പ് (നം. OPN-D2/123/2024-LAW തീയതി 27/07/2024)
ധനകാര്യ (പി.യു-ബി) വകുപ്പ് (നം. 2936833/പി.യു-ബി 2/99/2024-ധന തീയതി: 23.11.2024)
വിവര സാങ്കേതിക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ (No.: FCSD-C3/16/2023-FCSD)

ഉത്തരവിൻ പ്രകാരം

Signed by
Kavitha Kumari. I. S
Date: 25-03-2025 16:01:33

സെക്ഷൻ ഓഫീസർ